പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2846 18/06/2018-ൽ മറുപടിക്ക്

## അധ്യാപകർക്ക് നിയമനാംഗീകാരവും ശമ്പളവും ലഭ്യമാക്കുന്നതിന് നടപടി

**ചോദ്യം**

ശ്രീ. പി. ഉബൈദുള്ള:

**ഉത്തരം**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പമന്ത്രി)

(എ) കെ.ഇ.ആർ ഭേദഗതിയെ തുടർന്ന് നിയമനാംഗീകാരം ലഭിക്കാതെ ജോലിചെയ്യുന്ന അധ്യാപകർക്ക് അംഗീകാരവും ശമ്പളവും ലഭ്യമാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(എ) കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ വ്യവസ്ഥകൾക്കും നിലവിലുള്ള സർക്കാർ ഉത്തരവുകൾക്കും അനുസൃതമായി എയ്ഡഡ് സ്കൂളുകളിൽ നടത്തിയിട്ടുള്ള നിയമനങ്ങൾ അംഗീകരിക്കുന്നതിന് യാതൊരു വിധ തടസ്സങ്ങളുമില്ല. അവ കൃത്യമായി അംഗീകരിക്കപ്പെടുന്നുമുണ്ട്. ചട്ടങ്ങൾക്കനുസൃതമായ നിയമനങ്ങൾക്ക് മാത്രമേ അംഗീകാരം നല്കാൻ കഴിയൂ. കെ.ഇ.ആർ ഭേദഗതിക്കു വിരുദ്ധമായ നിയമനങ്ങൾ അംഗീകരിക്കാൻ കഴിയില്ല.

(ബി) 2018-19 അധ്യയന വർഷം ഓൾഡ് സ്കൂളുകളിൽ അധികമുണ്ടാകുന്ന തസ്തികകളിലും ന്യൂലി ഓപ്പൺഡ് സ്കൂളുകളിൽ രാജി, മരണം, റിട്ടയർമെന്റ് തസ്തികകളിലും നിയമനം നടത്തുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പുതുതായി ഉണ്ടായതോ ഉയർത്തപ്പെട്ടതോ ആയ സ്കൂളുകളുടെ ഗണത്തിൽപെടാത്ത മറ്റ് എല്ലാ സ്കൂളുകളിലും (ഓൾഡ് സ്കൂൾ) ഉണ്ടാകുന്ന അധിക തസ്തികകൾ 1:1 അനുപാതത്തിൽ 2018-19 വർഷം സംരക്ഷിതാദ്ധ്യാപകരെ നിയമിക്കേണ്ടതുണ്ട് (ആദ്യത്തെ ഒഴിവ് സംരക്ഷിതാദ്ധ്യാപകനും രണ്ടാമത്തേത് മാനേജർ നടത്തുന്ന നിയമനത്തിനും). കെ.ഇ.ആർ അദ്ധ്യായം XXI ചട്ടം 7 (2)-ൽ ഇതിനുള്ള വ്യവസ്ഥകൾ ഉണ്ട്. പുതുതായി ഉണ്ടായതോ ഉയർത്തപ്പെട്ടതോ ആയ സ്കൂളുകളിലെ എല്ലാ ഒഴിവുകളും സംരക്ഷിത ജീവനക്കാരെ ഉപയോഗിച്ചാണ് നികത്തേണ്ടത്. കെ.ഇ.ആർ അദ്ധ്യായം XXI ചട്ടം 7 (3)-ൽ ഇത് വ്യവസ്ഥ ചെയ്യുന്നുണ്ട്. ഈ ചട്ടങ്ങൾ പാലിച്ച് മാത്രമേ മാനേജർമാർക്ക് 2018-19 വർഷം നിയമങ്ങൾ നടത്താൻ കഴിയൂ.

(സി) അധ്യാപകരുടെ തസ്തിക നിർണ്ണയ നടപടികൾ എത്രയും വേഗം പൂർത്തിയാക്കുവാനും നിയമനാംഗീകാരം നൽകുവാനും സത്വര നടപടികൾ സ്വീകരിക്കുമോ?.

(സി) സ്കൂളുകളിലെ തസ്തിക നിർണ്ണയത്തിന്റെ പ്രാബല്യത്തീയതി അതത് വർഷം ജൂലൈ 15 ആണ്. കഴിഞ്ഞ വർഷം ജൂലൈ 13 ന് അത് പൂർത്തിയാക്കാൻ ഡിപ്പാർട്ട്മെന്റിന്

കഴിഞ്ഞിരുന്നു. ഈ വർഷവും നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ തന്നെ തസ്തിക നിർണ്ണയം പൂർത്തിയാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ